നം. ഇഎ6-10974/19/ആ.വ.ഡ. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി; 01/03/2019.

## സർക്കുലർ

വിഷയം: വൊളന്ററി സീനിയർ ഹൗസ് സർജൻസി ( ഡെന്റൽ) അനുവദിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്

സൂചന :ഡോ.സൈമൺ മോറിസൺ ( ഡെപ്യൂട്ടി ഡയറക്ടർ ഡെന്റൽ) സമർപ്പിച്ച 14.02.2019 ലെ കുറിപ്പ്

ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിലെ ദന്ത വിഭാഗത്തിൽ സീനിയർ ഹൗസ് സർജൻസി ചെയ്യുവാൻ അനുവാദം നൽകുന്നതിന് ലഭിക്കുന്ന അപേക്ഷകളിൽ ആവശ്യമുള്ള രേഖകൾ ഉള്ളടക്കം ചെയ്യാത്തതിനാലും ഒരു ആശുപത്രിയിലേക്ക് ഒരേ സമയം നിരവധി അപേക്ഷകൾ ലഭിക്കുന്നതിനാലും അനുവാദം നൽകുന്നത് സംബന്ധിച്ച് വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ സീനിയർ ഹൗസ് സർജൻസി ചെയ്യുവാൻ അനുവാദം നൽകുന്നത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) സർക്കാർ ആശുപത്രികളിലെ ദന്ത വിഭാഗത്തിൽ നിലവിലുള്ള സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ സീനിയർ ഹൗസ് സർജൻസി ചെയ്യാൻ അനുവദിക്കാവുന്ന ഡോക്ടർമാരുടെ എണ്ണം താഴെ പറയും വിധം നിജപ്പെടുത്തിയിരിക്കുന്നു.

| | |
|---|---|
| ജനറൽ/ജില്ലാ ആശുപത്രികൾ | -8 |
| താലൂക്ക്/താലൂക്കാസ്ഥാന ആശുപത്രികൾ | -4 |
| സാമൂഹികാരോഗ്യ കേന്ദ്രം | -2 |

2) സീനിയർ ഹൗസ് സർജൻസി ചെയ്യാൻഅനുവാദം ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

എ) ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

ബി) കേരള ഡെന്റൽ കൗൺസിൽ രജിസ്ട്രേഷന്റ പകർപ്പ്

സി) കംപൽസറി റൊട്ടേറ്റിംങ് ഇന്റൻഷിപ്പ് സർട്ടിഫിക്കറ്റിന്റ പകർപ്പ്.

ഡി) സീനിയർ ഹൗസ് സർജൻസി ചെയ്യാൻ ഉദ്ദേശിക്കുന്ന ആശുപത്രിയുടെ മേധാവിയുടെ നിരാക്ഷേപ പത്രം

(ഇ) പാസ്പോർട്ട് സൈസ് ഫോട്ടോ പതിച്ച ബയോഡേറ്റ

എഫ്) ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ ആമുഖ കത്ത്.

ഒപ്പ്.
ഡോ.സരിത.ആർ.എൽ
ആരോഗ്യവകുപ്പ് ഡയറക്ടർ

**സ്വീകർത്താവ്.**

1) എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും/ ആശുപത്രി സൂപ്രണ്ടുമാർക്കും.
2) ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
3) ഡെപ്യൂട്ടി ഡയറക്ടർ ഡെന്റൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്